## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 6000 — 08.07. 2013 -ൽ മറുപടിയ്ക്ക്

## പഞ്ചായത്ത് പ്രദേശങ്ങളിലെ വീട്ടുകരം

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

(എ) പഞ്ചായത്ത് പ്രദേശങ്ങളിലുള്ള വീടുകളുടെ വീട്ടുകരം ഇപ്പോൾ സ്വീകരിച്ചു വരുന്നത് ഏതു വർഷം തയ്യാറാക്കിയിട്ടുള്ള അടിസ്ഥാന നികുതി നിർണ്ണയ രജിസ്റ്ററിന്റെ അടിസ്ഥാനത്തിലാണ് ;

(ബി) ഇപ്പോൾ വീടുകൾക്ക് ചുമത്തിയിട്ടുള്ള നികുതി നിരക്കുകൾ എത്രയൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ; ആയത് ഏതു വർഷം നടപ്പാക്കിയ നിരക്കാണ് ;

(സി) 2010 ലെ പുനക്രമീകരിക്കപ്പെട്ട വാർഡുകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിർണ്ണയ രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിനും ആയതനുസരിച്ച് ഇപ്പോൾ നിലവിലുള്ള വീട്ടുകരത്തിനു മാറ്റം വരുത്തുന്നതിനും എടുത്ത തീരുമാനം മാറ്റി വെയ്ക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

ഡോ. എം. കെ. മുനീർ
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

(എ) 1993-ലെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് പ്രദേശങ്ങളിലെ വീടുകളുടെ വീട്ടുകരം ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

(ബി) & (സി) 2011-ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവു പ്രകാരം വീടുകൾക്ക് ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് കുറഞ്ഞ നിരക്ക് 3/- രൂപയും കൂടിയ നിരക്ക് 8/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പരിധിക്കുള്ളിൽ പഞ്ചായത്തുകൾക്ക് ആ പ്രദേശത്ത് ബാധകമാകാവുന്ന നിരക്ക് നിശ്ചയിക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ 2011 ജനുവരി 14-ാം തീയതി സ. ഉ (അ) 20/2011/തസ്വഭവ നമ്പർ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതും പരിഷ്കരിച്ച നികുതി നിരക്കുകൾ പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതിദായകർക്ക് 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുമെന്നുമാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കും മറ്റും ചുമത്തിയ നികുതി നിരക്കുകൾ കൂടുതലാണെന്ന പരാതിയെത്തുടർന്ന് ഈ വിഷയം പരിശോധിക്കുകയും അതിനനുസൃതമായി 2013 മാർച്ച് 13-ാം തീയതി സ. ഉ (പി) 88/2013/തസ്വഭവ പ്രകാരം ഭേദഗതി ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുകയും അതിനു ശേഷം 04-06-2013-ൽ സ. ഉ (എം.എസ്)210/2013/തസ്വഭവ നമ്പർ പ്രകാരം പുറപ്പെടുവിച്ച സ്പഷ്ടീകരണ ഉത്തരവിൽ 2011-ലെ

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങൾ പുതിയ നികുതിദായകർക്ക് 14-01-2011 മുതലും വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകി വരുന്നവർക്ക് 01-04-2013 മുതലും ബാധകമാകുന്നതാണെന്ന് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. 2010-ൽ പുനക്രമീകരിക്കപ്പെട്ട വാർഡുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി പരിഷ്കരണ നടപടി പുരോഗമിച്ചു വരുകയാണ്. ഇത് പൂർത്തിയാകുമ്പോൾ പുനക്രമീകരിക്കപ്പെട്ട വാർഡുകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ നിലവിൽ വരുന്നതാണ്.

(ഡി) വിവിധയിനങ്ങളിലായി പഞ്ചായത്തുകളുടെ ചെലവുകൾ വർദ്ധിച്ചിട്ടുള്ളതിനാൽ പുന:ക്രമീകരിക്കപ്പെട്ട വാർഡുകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിർണ്ണയ രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിനും പുതുക്കിയ നിരക്കിലുള്ള നികുതി ഏർപ്പെടുത്തി പഞ്ചായത്തുകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

(ഡി) പുതിയ ചട്ടങ്ങൾ അനുസരിച്ച് തറവിസ്തീർണ്ണം അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകളുടെ വസ്തു നികുതി വരുമാനത്തിൽ ഏറ്റവും ചുരുങ്ങിയത് 25% -ൽ കുറയാത്ത വർദ്ധനവ് ഉണ്ടാകുന്നതാണ്.

സെക്ഷൻ ഓഫീസർ